(Pages : 4) **S – 2559**

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

Reg. No. : ..............................

Name : ..................................

# First Semester B.A. Degree Examination, January 2024

## First Degree Programme under CBCSS

## Malayalam: Language, Culture and Literature

## Core Course I

## ML 1141 : നോവൽ സാഹിത്യം

## (2021 Admission onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. കമ്പ്യൂട്ടർ എന്ന സങ്കല്പം ആദ്യമായി പ്രത്യക്ഷപ്പെടുന്ന മലയാളനോവൽ ഏത്?
2. ഐസ് –196°C എന്ന നോവൽ രചിച്ചതാര്?
3. കാക്കനാടന്റെ പൂർണനാമം എന്ത്?
4. രാജലക്ഷ്മിയുടെ അപൂർണനോവൽ ഏതാണ്?
5. എസ്.കെ. പൊറ്റക്കാടിന് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയേത്?
6. ചെറുശ്ശേരി നമ്പൂതിരി, കഥാപാത്രമായി വരുന്ന മലയാള നോവൽ ഏത്?
7. നോവൽ സാഹിത്യം എന്ന കൃതിയുടെ കർത്താവാരാണ്?
8. പപ്പു എന്ന റിക്ഷാത്തൊഴിലാളി നായകനായ കേശവദേവിന്റെ നോവലേത്?
9. മലയാളത്തിലെ ആദ്യ ചരിത്രനോവലേത്?
10. മിണ്ടാപ്പെണ്ണ് എന്ന നോവലിലെ ധീരയും തന്റേടിയുമായ സ്ത്രീയുടെ പേരെന്ത്?

**(10 × 1 = 10 Marks)**

P.T.O.

II. അമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'ഞാൻ എന്നു പറഞ്ഞപ്പോൾ നമ്പൂതിരിപ്പാട് ഒന്നുഞെട്ടി' - സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

12. എന്താണ് ബോധധാരാനോവൽ?

13. 'കൂടുവിട്ട് ആദ്യമായി പുറത്തുവന്ന ആവേശത്തോടെ ആത്മാവ് അവിടുത്തെ സ്വതന്ത്രവായു ഉൾക്കൊണ്ടു' - രമണി ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

14. അസ്തിത്വ ദർശനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

15. 'സ്വപ്നത്തിൽപ്പോലും പ്രതീക്ഷിക്കാത്ത ആക്സിഡന്റ് പോലെയായിരുന്നു, വിവാഹം എന്ന യാഥാർഥ്യം ദാമോദരനെ ഇടിച്ചു വീഴ്ത്തിയത്' - കെ.പി. രാമനുണ്ണിയുടെ ഈ പ്രയോഗം ദാമുവിന്റെ ജീവിതത്തിന്റെ വെളിപ്പെടുത്തലാകുന്നതെങ്ങനെ?

16. ജീവിതത്തെ അതിന്റെ പ്രായോഗികതയോടെയാണ് ചന്ദ്രൻ നോക്കിക്കാണുന്നത് വിശദീകരിക്കുക.

17. സി.വി.യുടെ ചരിത്രാഖ്യായികകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

18. ജ്യോതിഷക്കാരന്റെ കഥ വിശദീകരിക്കുക.

19. വ്യക്തിയും സമൂഹവും തമ്മിലുള്ള സംഘർഷം നോവലുകൾക്ക് വിഷയമായതെങ്ങനെ?

20. നഗരത്തിന്റെ കളങ്കം, കാപട്യത്തിന്റെ കളങ്കം, കൃത്രിമത്വത്തിന്റെ കളങ്കം നിലക്കണ്ണാടിയുടെ മുഖത്തു പറ്റിപ്പിടിച്ചിരിക്കുന്നുവെന്ന് ശിവന് തോന്നാൻ കാരണമെന്ത്?



Scanned with CamScanner

21. ഭാഷയിലൂടെ എഴുത്തുകാർ പ്രതിരോധത്തിന്റെ മാർഗം സ്വീകരിക്കുന്നതെങ്ങനെ?

22. വിലായത്ത് ബുദ്ധ എന്ന തലക്കെട്ട് ജി.ആർ ഇന്ദുഗോപന്റെ നോവലിന് എത്രമാത്രം യോജിക്കുന്നുവെന്ന് കണ്ടെത്തുക.

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. സൂരി നമ്പൂതിരിപ്പാട് കല്യാണിക്കുട്ടിയെ സംബന്ധം ചെയ്തുകൊണ്ടുപോകാനിടയായ സാഹചര്യം വിവരിക്കുക.

24. പുരോഗമനസാഹിത്യപ്രസ്ഥാനം മലയാള സാഹിത്യത്തിൽ വരുത്തിയ പരിവർത്തനങ്ങൾ എന്തെല്ലാം?

25. അധികാരത്തിന്റെ വ്യത്യസ്തഭാവങ്ങളായി ഭരതനിൽ പ്രത്യക്ഷപ്പെടുന്ന കഥാപാത്രമാണ് അമ്പി. വിശകലനം ചെയ്യുക.

26. ഭീതിയുടെ അന്തരീക്ഷമാണ് ഉഷ്ണമേഖലയിലാകെയുള്ളത്. വിശദീകരിക്കുക.

27. ചന്ദനഭാസ്കരൻ എന്ന പേരിലറിയപ്പെടാൻ ആഗ്രഹിക്കുന്ന ഭാസ്കരൻ മാഷ് പുതിയ കാലഘട്ടത്തിലെ ജീവിതത്തെ അടയാളപ്പെടുത്തുന്നതെങ്ങനെ?

28. സ്വാതന്ത്ര്യവും സമത്വവും ഉള്ള ഒരിടമാണ് തെരുവെന്ന് എസ്.കെ. പൊറ്റക്കാട് സമർഥിക്കുന്നതെങ്ങനെ?

29. കുഞ്ഞിലക്ഷ്മി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.



Scanned with CamScanner

30. ജീവിതത്തിന്റെ ആഘോഷം എങ്ങനെയോ നഷ്ടപ്പെട്ട നിത്യദുരന്തത്തിന്റെ തിരിച്ചറിവാണ് ചരമവാർഷികം. എം.ടി. യുടെ വാക്കുകൾ ഈ നോവലിൽ പ്രസക്തമാകുന്നതെങ്ങനെയെന്ന് കണ്ടെത്തുക.

31. മലയാളത്തിലെ ആധുനികോത്തര പ്രവണതകൾ നോവലിൽ പ്രതിഫലിക്കുന്നതെങ്ങനെയെന്ന് കണ്ടെത്തുക.

**(6 × 4 = 24 Marks)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. ഇന്ദുലേഖ എന്ന നോവൽ കൈകാര്യം ചെയ്യുന്ന സാമൂഹിക പ്രശ്നങ്ങൾ വിലയിരുത്തുക.

33. കാച്ചിക്കുറുക്കിയ നോവൽ എന്ന പഠനം മലയാളനോവലിനെ പഠിക്കാനുപയോഗിച്ചിരിക്കുന്ന രീതിശാസ്ത്രം പരിശോധിക്കുക.

34. തീവ്രമായ അത്മപരതയുടെ സംഘർഷമാണ് ഒരു വഴിയും കുറേ നിഴലുകളും എന്ന നോവൽ. ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.

35. അധികാരം പീഡനോപാധിയാണെന്നും മാനുഷികതയുള്ളവരെ അത് നിരന്തരം ആക്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും ഭരതൻ എന്ന നോവൽ സ്ഥാപിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.

**(2 × 15 = 30 Marks)**

---



Scanned with CamScanner